പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1161** — **2.03.2017-ൽ മറുപടിയ്ക്ക്**

# കഴക്കൂട്ടം-കേശവദാസപുരം ദേശീയപാത

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ:** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കഴക്കൂട്ടം-കേശവദാസപുരം ദേശീയപാത നാലു വരിയായി വികസിപ്പിക്കുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ടോ; എത്ര മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരുമെന്നും എത്ര കോടി രൂപ വേണ്ടിവരുമെന്നും വിശദമാക്കാമോ;<br><br>(ബി) ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (എ) & (ബി) കഴക്കൂട്ടം - കേശവദാസപുരം ദേശീയപാത നാലുവരിയായി വികസിപ്പിക്കുന്ന പദ്ധതിയ്ക്ക് M/s.NATPAC തയ്യാറാക്കിയ വിശദമായ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ലൈറ്റ് മെട്രോ പ്രോജക്ടിന്റെ ഭാഗമായി 24 മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നത്. ഇതിനായി 6.7543 ഹെക്ടർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 16.1.2017-ലെ ജി.ഒ.(ആർ.റ്റി)നം.79/2017/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രോജക്ടിന്റെ ഭാഗമായ ഇത് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ